## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 179    11-06-12 ൽ മറുപടിക്ക്**

## ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ.പി.സി.ജോർജ് :<br>ഡോ.എൻ.ജയരാജ് : | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ ഭാഗ്യക്കുറിയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വരുമാനം എത്രയായിരുന്നു ; ഇപ്പോഴത്തെ വരുമാനം എത്രയാണ് ; | (എ) | ഈ സർക്കാർ അധികാരമേറ്റ 2011-2012 സാമ്പത്തിക വർഷം മേയ് മാസം വരെയുള്ള വകുപ്പിന്റെ ആകെ വരുമാനം 87.24 കോടി രൂപയും, 2011 ജൂൺ മുതൽ 2012 മാർച്ച് വരെയുള്ള കാലയളവിലെ ഭാഗ്യക്കുറിയിൽനിന്നുള്ള സംസ്ഥാനത്തിന്റെ വരുമാനം 1199.84 കോടി രൂപയുമാണ്.2012-13 സാമ്പത്തിക വർഷത്തിൽ മേയ് മാസം വരെയുള്ള വരുമാനം 365.66 കോടി രൂപയാണ്. |
| (ബി) | ഭാഗ്യക്കുറിയുടെ കാര്യക്ഷമമായ നടത്തിപ്പിലൂടെ എത്രപേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചുവെന്ന് അറിയിക്കുമോ ; | (ബി) | ഭാഗ്യക്കുറി വകുപ്പിൽ ഇപ്പോൾ 19485 രജിസ്റ്റേർഡ് ഏജന്റുമാരും ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 20,994 പേരും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ഏകദേശം രണ്ടര ലക്ഷത്തോളം പേർ മേല്പറഞ്ഞവരുടെ കീഴിൽ വില്പന ക്കാരായി പ്രവർത്തിക്കുന്നുണ്ടെന്ന് കണ ക്കാക്കപ്പെടുന്നു. |
| (സി) | ഭാഗ്യക്കുറി നറുക്കെടുപ്പ് ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുവോ ; വിശദാംശങ്ങൾ നൽകുമോ? | (സി) | സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പുകൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>1. പാരമ്പര്യേതര രീതിയിൽ യന്ത്രവൽകൃത നറുക്കെടുപ്പ് മെഷീനുകൾ അവലംബിച്ച് ഭാഗ്യക്കുറി ടിക്കറ്റുകളുടെ നറുക്കെടുപ്പ് നടത്താൻ പദ്ധതി ആവിഷ്ക്കരിച്ച് വരുന്നു. നറുക്കെടുപ്പ് മെഷീനുകൾ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>2. സംസ്ഥാന ഭാഗ്യക്കുറികളുടെ നറുക്കെടുപ്പ് അത്യധികം സുതാര്യമാക്കുന്നതിനായി വകുപ്പ് |

| | | | |
|---|---|---|---|
| | | | വെബ്സൈറ്റിലൂടെ നറുക്കെടുപ്പ് നടപടിക്രമം 'Live streaming' ആയി പ്രദർശിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ